## പി.എം.ജി.എസ്. പദ്ധതിപ്രകാരം ഉള്ള റോഡ് നിർമ്മാണം

4 (3287) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി. എം.ജി.എസ്.(ഗ്രാമീണ റോഡ് വികസന പദ്ധതി) പദ്ധതി ഒന്നാംഘട്ടമായി എത്ര കിലോമീറ്റർ റോഡ് പണി പൂർത്തിയായി ; ഇനി എത്ര കിലോമീറ്റർ റോഡാണ് പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പി. എം.ജി. എസ്. വൈ. പദ്ധതിയ്ക്ക് എന്ത് തുകയുടെ ചെലവാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം മേഖലയിലെ പണികൾക്കാണ് കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ഡി) മലബാർ മേഖലയിൽ എത്ര പണികളാണ് ഈ പദ്ധതി പ്രകാരം നടപ്പിൽ വരുത്തുന്നതെന്ന് വ്യക്തമാക്കാമോ ; ഇതിന് ചെലവാകുന്ന തുകയെത്ര ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. ഒന്നാംഘട്ടമായി 1947.298 കി.മീ. ദൈർഘ്യം വരുന്ന റോഡുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. 1401.221 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ ഇനി പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിക്ക് കേന്ദ്രവിഹിതമായ 1513.89 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയിലെ റോഡുപണികളാണ് ടി പദ്ധതി പ്രകാരം ഏറ്റെടുക്കുന്നത്.

(ഡി) മലബാർ മേഖലയിൽ പി.എം.ജി.എസ്.വൈ. പ്രകാരം 732.71 കോടി രൂപ അടങ്കലിൽ 1633.70 കി.മീ. ദൈർഘ്യം വരുന്ന 619 റോഡുകളാണ് നടപ്പിൽ വരുത്തുന്നത്.

(തുട

LIBRARY ARCHIVES Kerala Legislative Assembly